പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1810**

06-07-2015 - ൽ മറുപടിയ്ക്ക്

## ട്രോളിംഗ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എ.എം.ആരിഫ്** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | ട്രോളിംഗ് നിരോധനം 41 ദിവസമായി കുറയ്ക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ തള്ളിയ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വെളിപ്പെടുത്താമോ ; | എ) | കേരളത്തിൽ മത്സ്യബന്ധന നിരോധനം 47 ദിവസം മാത്രമാക്കണമെന്ന് സംസ്ഥാന സർക്കാർ പ്രധാനമന്ത്രിയോടും കേന്ദ്ര കൃഷി മന്ത്രിയോടും അഭ്യർത്ഥിച്ചിട്ടു ണ്ട്. മുഖ്യമന്ത്രി പ്രധാനമന്ത്രിയെ നേരിൽ സന്ദർശിച്ചും 61 ദിവസം എന്നതിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടു ണ്ട്. ഇക്കാര്യം പരിഗണിക്കാമെന്നും തീരദേശ സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം വിളിക്കാമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടു ണ്ട്. എന്നാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാനത്തിന്റെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധനം നടത്തുന്നതിന് നിലവിൽ തടസ്സമില്ല. |
| ബി) | 61 ദിവസത്തെ ട്രോളിംഗ് നിരോധനം ഉൾപ്പെടെ മത്സ്യമേഖലയെ പ്രതികൂലമായി ബാധിക്കുന്ന തീരുമാനങ്ങൾ ശിപാർശ ചെയ്ത കമ്മിറ്റിയെ നിയോഗിച്ചത് ഏതു സർക്കാർ ആയിരുന്നു ; | ബി) | കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ 07/05/2013 ലെ 30035/15/97/FY (T –I) നമ്പർ ഉത്തരവ് പ്രകാരം അന്ന് കേന്ദ്രം ഭരിച്ചിരുന്ന യു.പി.എ സർക്കാർ ആണ്, ഡോക്ടർ ജി. സെയ്ദാറാവു അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചത്. |
| സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ നിരോധന വ്യവസ്ഥകളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോ ; | സി) | കേന്ദ്ര സർക്കാരിന്റെ 3/06/2015 ലെ 30035/15/97/ FY (T –I) Vol IV നമ്പർ ഉത്തരവ് പ്രകാരം പടിഞ്ഞാറൻ മേഖലയിൽ ടെറിട്ടോറിയൽ വാട്ടേഴ്സിന് പുറത്ത് (12 nm -200 nm ) ജൂൺ 1 മുതൽ ജൂലൈ 31 വരെ മോട്ടോർ ഘടിപ്പിക്കാത്ത യാനങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഒഴിവാക്കുന്നതാണെന്ന് ഉത്തരവ് ലഭിച്ചിട്ടു ണ്ട്. |

| | | | |
|---|---|---|---|
| ഡി) | ട്രോളിംഗ് നിരോധനകാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിവരാറുണ്ടായിരുന്ന ആനുകൂല്യങ്ങൾ എല്ലാം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | ഡി) | ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇക്കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ